(ഡി)

പദ്ധതി	ബഡ്ജറ്റിൽ വകയിരുത്തിയ തുക	അനുവദിക്കപ്പെട്ട തുക	പിൻവലിക്കാതെ അവശേഷിക്കുന്ന തുക
ഫിഷ് മെയ്ഡ്	16.67 ലക്ഷം	16.67 ലക്ഷം	16.67 ലക്ഷം
സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി	50 കോടി	47.09 കോടി	17.49 കോടി

(ഇ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടില്ല.

മത്സ്യസമ്പത്ത്

188.(2015) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതു പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ വറുതിയിൽനിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പ് നേരിട്ട് ഇതുസംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. Illegal unregulated unreported fishing-ഉം കാലാവസ്ഥാ വ്യതിയാനവുമാണ് മത്സ്യസമ്പത്ത് കുറയുന്നതിനുള്ള പ്രധാന കാരണങ്ങളെന്ന് ശാസ്ത്രസമൂഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ രീതികൾ തടയുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റിന്റെ മേൽനോട്ടത്തിൽ അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ

LIBRARY ARCHIVES Kerala Legislative Assembly

പട്രോളിംഗ്നടത്തി അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് ആവശ്യമായ ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ KMFR Act 4-ാം വകുപ്പ് അനുസരിച്ച് കേരളത്തിലെ തീരപ്രദേശങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് KMFR Act -ലെ സെക്ഷൻ 4 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കടലിൽ കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഉൾനാടൻ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് പരിഹരിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ, മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ കൃത്രിമ പാരുകൾ, മത്സ്യ/കൊഞ്ച് നിക്ഷേപിക്കൽ തുടങ്ങിയ പദ്ധതികളിലൂടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2012-15 വരെയുള്ള കാലയളവിൽ മത്സ്യസമൃദ്ധി I മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി. 2015-18 കാലയളവിൽ മത്സ്യസമൃദ്ധി II എന്ന പദ്ധതി 1.5 ലക്ഷം മെടിക് ടൺ അധിക മത്സ്യഉല്പാദനം ലക്ഷ്യം വച്ച് കൂടുതൽ ഘടകപദ്ധതികൾ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അഡാക്ക് മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിത സൗഹൃദ ചെമ്മീൻകൃഷി, ഒരു നെല്ലും ഒരു മീനും കട്ടനാട് കോൾ നിലങ്ങളിൽ ഒരു കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ. കൃഷി എന്നിവയും 13-ാം ധനകാര്യ കമ്മീഷൻ കട്ടനാട് പാക്കേജ് പദ്ധതിപ്രകാരം ആലപ്പുഴ കോട്ടയം പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ വറുതിയിൽനിന്നും രക്ഷിക്കുന്നതിനായി ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിവഴി 2700 രൂപ വിതരണം ചെയ്യുവരുന്നുണ്ട്. പലിശക്കാരുടെ ചൂഷണത്തിൽനിന്നും ഇവരെ രക്ഷിക്കുന്നതിനായി NCDC ധനസഹായം മുഖേന കുറഞ്ഞ പലിശ നിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ മത്സ്യഫെഡ്വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുവരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി കുറഞ്ഞ പലിശ നിരക്കിൽ മറ്റ് വായ്പയും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly